(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി,തൊടുപുഴ
തീയതി: 23.06.2017

നം.കെ.എസ്.എ-ഐ.ഡി.കെ-14/808/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് /(സെക്രട്ടറി മുഖേന)
മൂന്നാർ ഗ്രാമപഞ്ചായത്ത്
സർ,

വിഷയം: മൂന്നാർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ. 14/808/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി,തൊടുപുഴ
തീയതി: 23.06.2017

# ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 18.10.2016 മുതൽ 11.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എം. വി. സിനി ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 12-06-2017 മുതൽ 17-06-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ റ്റി.ഒ പോളി | ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ.എം.എസ് രാജീവ് | അസി.ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ എം. കെ. അഭിലാഷ് | സീനി. ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ. ബെന്നി മാത്യു | സീനി. ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ. ആർ സാമുവൽ രാജ് | സീനി. ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ആർ കറുപ്പ് സാമി | 01-04-2016മുതൽ 31-03-2017 വരെ |
| സെക്രട്ടറി | : | ശ്രീ. ജെ. മധുസൂദനൻ ഉണ്ണിത്താൻ | 01-04-2016 മുതൽ 13-07-2016 വരെ |
| | | ശ്രീ. എ.പി ഫ്രാൻസിസ് | 14-07-2016 മുതൽ 31-03-2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.സെക്രട്ടറി | | ശ്രീ. എസ്.എൻ. അജിത് | 01-04-2016മുതൽ 24-08-2016 വരെ |
| | | ശ്രീ.വിനു മാത്യൂസ് | 25-08-2016 മുതൽ 31-01-2017 വരെ |
| | | ശ്രീ. വി. സുരേഷ് കുമാർ | 01-02-2017 മുതൽ 28-02-2017 വരെ |
| | | ശ്രീ. പി.ബി മനോജ്കുമാർ | 01-03-2017 മുതൽ 31-03-2017 വരെ |
| അസി.എഞ്ചിനീയർ | | ശ്രീ. പി.ആർ സുഗതൻ | 01-04-2016മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | | ശ്രീ.എം ഗോവിന്ദരാജ് | 01-04-2016 മുതൽ 26-12-2016വരെ |
| | | ശ്രീമതി. പമീള വിമൽ രാജ് | 27-12-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി. റ്റി.ജി. തുളസി | 01-04-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | | ഡോ. അനൂപ് ജോസ് | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ ആരോഗ്യം | | ഡോ. എസ്.പി അർച്ചന | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | | ഡോ. ശ്രീജൻ | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. സെൽവം | 01-04-2016 മുതൽ 31-03-2017 വരെ |
| ഗ്രാമസേവകൻ | ശ്രീമതി ബീന | 01-04-2016 മുതൽ 31-03-2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം- 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| II | ഭാഗം 2 | |
| 12 | ലേല തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല നഷ്ടം- ₹143000/- | 2-1 |
| 13 | വസ്തു നികുതി വാടക കുടിശ്ശിക സംബന്ധിച്ച് | 2-2 |
| 14 | ഗ്രാമപഞ്ചായത്തിന് വരുമാനമായി ലഭിച്ച തുക വാർഷിക കണക്കിൽ ബാധ്യതയായി കാണിച്ചിരിക്കുന്നു | 2-3 |
| 15 | ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾ വാടകയില്ലാതെ പ്രവർത്തിക്കുന്ന പാൽ സൊസൈറ്റി | 2-4 |
| III | ഭാഗം 3 | |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹916373/- യുടെ ചെലവ് തടസ്സം | 3-1 |
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം – ഔദ്യോഗിക കൈപ്പറ്റ് രസീതുകൾ ലഭിച്ചില്ല – തടസ്സം – ₹152442/- | 3-2 |
| 18 | എസ്.സി. വനിതകൾക്ക് പച്ചക്കറി കൃഷിയ്ക്കായി വാങ്ങിയ സ്പ്രേയിംഗ് മെഷീനുകൾ വിതരണം ചെയ്തിട്ടില്ല- തടസ്സം- ₹749700/- | 3-3 |

| | | |
|---|---|---|
| 19 | സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല – ചെലവ് തടസ്സം ₹1145000/- | 3-4 |
| 20 | ഫയലുകൾ ഹാജരാക്കിയില്ല- തടസ്സം ₹216274/- | 3-5 |
| 21 | വൗച്ചറുകൾ ലഭ്യമാക്കിയില്ല – ചെലവ് തടസ്സം ₹208333/- | 3-6 |
| 22 | ക്ഷമതയില്ലാത്ത സഹകരണ സ്ഥാപനത്തിൽ സ്ഥിരനിക്ഷേപം നടത്തി | 3-7 |
| 23 | പഞ്ചായത്ത് ഡിസ്പെൻസറി – താല്ക്കാലിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു | 3-8 |
| 24 | തെരുവു വിളക്കുകളുടെ പരിപാലനം – സർക്കാർ മാർഗ്ഗരേഖകൾ പാലിയ്ക്കുന്നില്ല | 3-9 |
| 25 | വേസ്റ്റ് മാനേജ്മെന്റ്- പദ്ധതി നടത്തിപ്പിൽ ന്യൂനത | 3-10 |
| 26 | ചുമതലയില്ലാത്ത പ്രവൃത്തി ഉടമസ്ഥതയില്ലാത്ത ഭൂമിയിൽ നടപ്പാക്കി- ചെലവ് തടസ്സം | 3-11 |
| 27 | അസി. എഞ്ചിനീയറുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു | 3-12 |
| IV | ഭാഗം 4 | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| V | അനുബന്ധം | |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹11,07,85,896/- ചെലവ് ₹12,04,55,000/- യുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 29-05-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹5734081.06 |
| വരവ് | ₹116446874.00 |
| ആകെ | ₹122180955.06 |
| ചെലവ് | ₹112209945.00 |
| നീക്കിയിരിപ്പ് | ₹9971010.06 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി ₹ | അലോട്ട്മെന്റ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | 0 | 19700785 | 19700785 | 18561831 | 0 | 94.22 |
| | എസ്.സി.പി. | 0 | 40811949 | 40811949 | 29591994 | 0 | 72.51 |
| | ടി.എസ്.പി. | 0 | 505374 | 505374 | 493045 | 0 | 97.56 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 0 | 984462 | 984462 | 489523 | 0 | 49.72 |
| | നോൺറോഡ് | 0 | 3681267 | 3681267 | 2601101 | 0 | 70.66 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 10011240 | 10011240 | 7302078 | 0 | 72.94 |
| പെർഫോമൻസ് ഗ്രാന്റ് | കേന്ദ്ര ഫണ്ട് | 0 | 4265176 | 4265176 | 4265176 | 0 | 100.00 |
| | സംസ്ഥാന ഫണ്ട് | 0 | 1520686 | 1520686 | 1452024 | 0 | 95.48 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 212 | 1027836 | 1028048 | 1014550 | 13498 | 98.69 |
| ബി ഫണ്ട് (ഡി.ബി.റ്റി ഫണ്ട് ഉൾപ്പെടെ) | | 0 | 29478675 | 29478675 | 29478675 | 0 | 100.00 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 212 | 111987450 | 111987662 | 95249997 | 13498 | 85.05 |

# 1-6 പദ്ധതി അവലോകനം

ജില്ലാ ആസൂത്രണ സമിതിയുടെ 20-03-2017 ലെ ഡി.പി.സി./987/16 ഐ.ഡി.കെ ആയുള്ള അന്തിമ ഉത്തരവ് പ്രകാരം ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 124761678 | 134 | 84063567 | 53 | 6 | 69.43 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
ഇല്ല

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനത് വരുമാനത്തിൽ താഴെ സൂചിപ്പിക്കും പ്രകാരം 23.99% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11966345 | 14074626 | 2108281 | 17.61 |
| നികുതിയേതര വരവുകൾ | 2300153 | 4245919 | 1945766 | 84.59 |
| മറ്റുവരവുകൾ | 555074 | 57919 | (-)497155 | (-)89.56 |
| ആകെ | **14821572** | **18378464** | **3556892** | **23.99** |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാ പെൻഷൻ | 6380080 | 715 |
| വാർദ്ധക്യകാല പെൻഷൻ | 21398350 | 2251 |
| വികലാംഗ പെൻഷൻ | 1678645 | 244 |
| അവിവാഹിത പെൻഷൻ | 21600 | 6 |
| ആകെ | 29478675 | 3216 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-06-2017ന് 3.00 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹79,62/-യുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു .

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും നടത്തി പരിപാലിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ.

ഗ്രാമപഞ്ചായത്തിലെ 21വാർഡുകളിലും ഒരു ഊരുകൂട്ടത്തിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-05-2017 | ഏപ്രിൽ 2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-04-2014 മുതൽ 08-05-2014 വരെ | 2009-10 മുതൽ 2014-15 വരെ | 09-07-2014 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേല തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല നഷ്ടം ₹143000/-

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വക പഴയ മൂന്നാർ മൂലക്കട ബസ് സ്റ്റാന്റ് പാർക്കിംഗ് ഗ്രൗണ്ട് 02.06.2016 തീയതിയിൽ ശ്രീ.ജിജിമോൻ. പി.ജെ, s/oജോസഫ് എ.പി.പടപ്പുറയ്ക്കൽ, റ്റി.ബി.റോഡ്, മൂന്നാർ എന്നയാൾക്ക് ₹215000/-യ്ക്ക് ഒരു വർഷത്തേയ്ക്ക് ലേലം ചെയ്ത് നൽകുകയായിരുന്നു. ലേല

തുകയിൽ ₹72000/- മാത്രമാണ് ലേല സമയത്ത് ടി വ്യക്തി ഒടുക്കിയിട്ടുള്ളത് (രസീത് നം.11609500023/16 തീയതി.02.06.2016) ലേല നിബന്ധനകൾ പ്രകാരം സോൾവൻസി ഹാജരാക്കുന്നവർ ലേല തുക മൂന്ന് ഗഡുക്കളായി 02.06.16, 03.11.16, 03.04.17 എന്നീ തീയതികളിൽ അടച്ച് തീർക്കേണ്ടതാണ്. എന്നാൽ ശ്രീ.ജിജിമോൻ.പി.ജെ ഇപ്രകാരമൊരു സോൽവൻസി നൽകിയതായോ, ഗഡുക്കളായി തുക അടവാക്കുകയോ ചെയ്തിട്ടില്ല. ലേല തുക അടവാക്കാത്തത് മൂലം ₹143000/- നഷ്ടം സംഭവിച്ചിട്ടുണ്ട്. മാത്രമല്ല ലേല കാലാവധി കഴിഞ്ഞിട്ടും ബാക്കി ഈടാക്കാനുള്ള ലേല തുക ₹143000/- നാളിതുവരെ ഈടാക്കിയിട്ടില്ല.

ലേലം സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കൂടി നിലനിൽക്കുന്നുണ്ട്.

1) ലേലം കൊണ്ട വ്യക്തി ₹500/- യുടെ മുദ്രപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും നിയമാനുസൃത കരാർ ചമയ്ക്കാതെയാണ് ലേലം ഉറപ്പിച്ച് നല്കിയിരിക്കുന്നത്.

2) ലേലത്തിനായി ടിയാൻ ഒടുക്കിയിരുന്ന ഇ.എം.ഡി തുക ₹10000/- 23.6.2016 ൽ വൗച്ചർ നമ്പർ 21600259 പ്രകാരം തിരികെ നൽകിയിട്ടുണ്ട്. അതായത് സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങാതെയാണ് ലേലം ഉറപ്പിച്ച് നൽകിയിരിക്കുന്നത്.

നഷ്ട തുക, ലേലം കൊണ്ട വ്യക്തിയിൽ നിന്നോ, കരാർ ചമയ്ക്കാതെയും ലേല നിബന്ധനകൾ പാലിക്കാതെയും ലേലം ഉറപ്പിച്ച് നൽകിയ സെക്രട്ടറിയിൽ നിന്നോ ലേല നിബന്ധന പ്രകാരമുള്ള പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 2-2 വസ്തു,നികുതി വാടക കുടിശ്ശിക സംബന്ധിച്ച്

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി, വാടക എന്നീ ഇനങ്ങളിൽ ഭീമമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നികുതി ഇനം | തൻ വർഷം₹ | കുടിശിക₹ | ആകെ |
|---|---|---|---|
| വസ്തു നികുതി | 31,26,050 | 34,00729 | 65,26,779 |
| വാടക | 5,19,865 | 86,783 | 60,6648 |

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 243 പ്രകാരം നികുതി തുകകൾ കാലഹരണപ്പെട്ട് പോകാതെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ഗ്രാമപഞ്ചായത്തിന് വരുമാനമായി ലഭിച്ച തുക വാർഷിക കണക്കിൽ ബാധ്യതയായി കാണിച്ചിരിക്കുന്നു

മൂന്നാർ കോളനി റോഡിൽ ഒരു കിലോമീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റ് പൊളിച്ച് കേബിൾ

ഇട്ടതിന് ശേഷം വീണ്ടും കോൺക്രീറ്റ് ചെയ്യുന്നതിന് ₹1240000/-ആകുമെന്ന അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം റിലയൻസ് ജിയോ കമ്പനി പ്രസ്തുത തുക (രസീത് നം. 1160900003/01-06-2016) ഒടുക്കുവരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ വരുമാനം (Income) ആണെങ്കിലും ആയത് കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100201)എന്ന ലേയബിലിറ്റി ഹെഡിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. പ്രസ്തുത തുക 1-ൽ തുടങ്ങുന്ന ഒരു വരുമാന ഹെഡിലേയ്ക്ക് മാറ്റി അക്കൗണ്ട് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ വാടകയില്ലാതെ പ്രവർത്തിക്കുന്ന പാൽ സൊസൈറ്റി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ മൂന്നാർ മൂലക്കട ഭാഗത്ത് സ്ഥിതി ചെയ്യുന്ന പാർക്കിംഗ് ഗ്രൗണ്ടിൽ ലക്ഷ്മി മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനത്തിനു വേണ്ടി 2013-ൽ മൂന്ന് മുറികളുള്ള കെട്ടിടം ഗ്രാമപഞ്ചായത്ത് നിർമ്മിച്ച് നല്കിയിട്ടുണ്ട്. കരാർ പ്രകാരം പലിശ നൽകേണ്ടാത്ത സെക്യൂരിറ്റി സംഖ്യയായി ₹1000000/- ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. പിന്നീട് 2016-ൽ, നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് വലത് വശത്ത് രണ്ട് സെന്റ് സ്ഥലത്ത് സ്വന്തം ചെലവിൽ കെട്ടിടം പണിത് 15 വർഷക്കാലം ഉപയോഗിക്കുന്നതിന് കരാർ പ്രകാരം വിട്ടുനല്കിയിരുന്നു. കരാർ പ്രകാരം അഞ്ച് ലക്ഷം രൂപ സെക്യൂരിറ്റി തുക അടവാക്കി സൊസൈറ്റി അവിടെ കെട്ടിടം പണിത് ഉപയോഗിച്ചുപോരുന്നു.ആയതിന്റെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ വിവരിക്കുന്നു.

1) കരാറുകൾ ചമച്ചിരിക്കുന്നത് ദീർഘ കാലത്തേയ്ക്കാണെങ്കിലും ആയത് നിയമപ്രകാരം രജിസ്റ്റർ ചെയ്ത് ആധികാരികമാക്കിയിട്ടില്ല.

2) ആദ്യ കരാറിൽ 5 വർഷത്തേക്ക് വാടക കാലാവധിയുണ്ടായിരിക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ടെങ്കിലും, 2013-ൽ നിർമ്മിച്ച കെട്ടിടത്തിന് നാളിതുവരെ വാടക നിർണയിച്ച് കരാർ ചമച്ച് തുക ഈടാക്കിയിട്ടില്ല. കെട്ടിടത്തിന്റെ വാടക സംബന്ധിച്ചും നിയമപരമായ വ്യവസ്ഥകൾ സംബന്ധിച്ചും ഇരു കക്ഷികളും തമ്മിൽ പ്രത്യേക കരാർ ചമയ്ക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. അതുവഴി (നാലുകൊല്ലത്തെ) വരുമാന ഇനത്തിൽ ഗണ്യമായ തുകയുടെ നഷ്ടമുണ്ടായിരിക്കുന്നു.

3) വാടകയിൽ, കുറഞ്ഞത് അഞ്ച് ശതമാനം വാർഷിക വർദ്ധനവ് ഉണ്ടായിരിക്കണം എന്ന വ്യവസ്ഥ നിലനിലക്കുമ്പോൾ രണ്ടാം കക്ഷി ആവശ്യപ്പെടുന്ന പക്ഷം രണ്ട് കക്ഷികളുടെയും പരസ്പര സമ്മത പ്രകാരം വാടക പുതുക്കി നിശ്ചയിക്കാവുന്നതാണെന്ന ആദ്യ കരാറിലെ വ്യവസ്ഥ തികച്ചും

ക്രമവിരുദ്ധമാണ്.

4) ഉടമസ്ഥതയുള്ള ഭൂമിയിൽ മറ്റൊരു സ്ഥാപനത്തിനോ വ്യക്തിക്കോ കെട്ടിടം പണിയാൻ സ്വന്തം നിലയിൽ അനുമതി നല്കാൻ കേരള പഞ്ചായത്ത് രാജ് നിയമമോ ചട്ടങ്ങളോ ഗ്രാമപഞ്ചായത്തിന് അധികാരം നല്കിയിട്ടില്ല.ഇതു സംബന്ധിച്ച് ഗവൺമെന്റിൽ നിന്ന് മുൻകൂർ അനുമതി നേടിയിട്ടുമില്ല.

5) അനുവദിച്ച് നല്കിയെന്ന് സൂചിപ്പിക്കുന്ന രണ്ട് സെന്റ് സ്ഥലം കൃത്യമായി അളന്ന് തിരിച്ച് നല്കിയിട്ടില്ലാത്തതായി നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി.

6) പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം നിർണയിക്കുന്ന വാടക രണ്ടാം കക്ഷി പ്രതിമാസം അടയ്ക്കേണ്ടതാണെന്ന വ്യവസ്ഥ നാളിതുവരെ നടപ്പാക്കിയില്ല.

ആദ്യ കരാറിലെ വ്യവസ്ഥകൾ പ്രകാരം വാടകകരാർ ചമച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വാടക ഈടാക്കേണ്ടതും സൂചിത അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹916373/- യുടെ ചെലവ് തടസ്സം</u>

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 58/2017 |
| പദ്ധതി | എസ്.എസ്.എ വിഹിതം അടയ്ക്കൽ |
| ബിൽനം തീയതി | 10/2016-17 തീയതി 26-09-2016 |
| തുക ₹ | 916373 |

എസ്.എസ്.എ യുടെ പഞ്ചായത്ത് വിഹിതമായി ₹916373/- (ഡി.ഡി നം 437785 തീ 24-10-2016) തൊടുപുഴയിലുള്ള ഇടുക്കി ജില്ലാ എസ്.എസ്.എ പ്രോജക്റ്റ് ഓഫീസിൽ അടച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ₹916373/-യുടെ ചെലവ് തടസ്സം ചെയ്യുന്നു. എസ്.എസ്.എ തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെല്ലാം സ്കൂളുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി എന്ന വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ പ്രോജക്റ്റ് ഓഫീസിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-2 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - ഔദ്യോഗിക കൈപ്പറ്റ് രസീതുകൾ ലഭിച്ചില്ല - തടസ്സം ₹152442/-

തൻവർഷം അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവത്തികളുടെ നിർമ്മാണ തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നതിനായി 49 ഡിമാന്റ് ഡ്രാഫ്റ്റുകൾ എടുത്തിട്ടുള്ളതായി കാണുന്നു. ആയത് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻസ് വർക്കേഴ്സ് വെൽഫയർ ബോർഡിലേയ്ക്ക് അയച്ച് നൽകിയതിന്റെ ഉപരിപത്രത്തിന്റെ പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. എന്നാൽ വെൽഫയർ ബോർഡ് പ്രസ്തുത ഡി.ഡി.-കൾക്ക് ഔദ്യോഗിക കൈപ്പറ്റ് രസീത് നൽകിയിട്ടില്ല. മുൻവർഷങ്ങളിൽ ഒടുക്കിയ തുകകളുടെയും ഔദ്യോഗിക കൈപ്പറ്റ് രസീതുകൾ നാളിതുവരെയായി ലഭിച്ചിട്ടില്ലായെന്ന് ഫയൽ പരിശോധിച്ചതിൽനിന്ന് വ്യക്തമാണ്. ഔദ്യോഗിക രസീതുകൾ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനം, ലഭിക്കുന്ന തുകകൾ ശരിയായ രീതിൽ അക്കൗണ്ട് ചെയ്യാതിരിക്കാനുള്ള സാധ്യത ഉണ്ട്. ആയതിനാൽ എല്ലാ ഡി.ഡി.കളുടെയും ഔദ്യോഗിക രസീതുകൾ ലഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ₹152442/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 എസ്.സി. വനിതകൾക്ക് പച്ചക്കറി കൃഷിയ്ക്കായി വാങ്ങിയ സ്പ്രേയിംഗ് മെഷീനുകൾ വിതരണം ചെയ്തിട്ടില്ല- തടസ്സം ₹749700/-

| | |
|---|---|
| നിർവ്വഹണം | : കൃഷി ഓഫീസർ |
| പദ്ധതി നം. | : 83/16-17 |
| പദ്ധതി | : എസ്.സി. വനിതകൾക്ക് സ്പ്രേയിംഗ് മെഷീൻ വാങ്ങൽ |
| ബിൽ നം./ തീയതി/ തുക | : 2/16-17, 30.03.2017, ₹749000 |

എസ്. സി. വനിതകൾക്ക് പച്ചക്കറി കൃഷി ആവശ്യത്തിനായി പ്രോജക്ട് നമ്പർ 83/16-17 പ്രകാരം RAIDCO-യിൽ നിന്നും വാങ്ങിയ 476 സ്പ്രേയിംഗ് മെഷീനുകൾ ഓഡിറ്റ് തീയതി വരെ വിതരണം നടത്തിയിട്ടില്ല. വിതരണം നടത്താത്തതിനാൽ ഇതിനായി ചെലവാക്കിയ ₹749700/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.ചെലവ് തടസ്സം₹1145000/-

| ക്രമ നം | പദ്ധതി നം &പദ്ധതി | ബിൽനം തീയതി | തുക ₹ | ഡി.ഡി.നം &തീയതി | തുക അടവാക്കിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സ കാരണം |
|---|---|---|---|---|---|---|---|
| 1 | 78/2017 ഐ.എ.വൈ (എസ്.സി.പി) | 20/2016-17 തീയതി | 945000 | 438414 തീ 31.12.2016 | ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി | ഔദ്യോഗിക രസീത്, വിനിയോഗ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 31-12-2016 | | | | | |
| 2 | 67/2017 ഐ.എ.വൈ (എസ്.സി.പി) | 02/2016-17 തീയതി 25-02-2017 | 200000 | ട്രാൻസ്ഫർ ക്രഡിറ്റ് | ജില്ലാ പഞ്ചായത്ത്, ഇടുക്കി | വെറ്ററിനറി സർജൻ | സാക്ഷ്യപത്രം ലഭ്യമല്ല. |
| ആകെ | | | 1145000 | | | | |

തുക അടവാക്കിയ സ്ഥാപനത്തിൽ നിന്നും ഔദ്യോഗിക രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കി ₹1145000/-യുടെ ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ഫയലുകൾ ഹാജരാക്കിയില്ല-തടസ്സം ₹216274/-

മെഡിക്കൽ ഓഫീസർ പഞ്ചായത്ത് ഡിസ്പെൻസറി, മൂന്നാർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം.90/16-17 പഞ്ചായത്ത് ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്ക് ചെലവാക്കിയ ₹216274/-യുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഫയലുകൾ ഹാജരാക്കുന്നതിന് 15.06.17ൽ ഓഡിറ്റ് എൻക്വയറിയും 16.06.17 ൽ സമൺസും നൽകിയെങ്കിലും മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ₹216274/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 വൗച്ചറുകൾ ലഭ്യമാക്കിയില്ല - ചെലവ് തടസ്സം.208333/-

ഇടുക്കി ജില്ലാ സഹകരണ ബാങ്ക് മൂന്നാർ മെയിൻ ബ്രാഞ്ചിലുള്ള 120051201200001 നമ്പർ തനതു ഫണ്ട് അക്കൗണ്ടിൽ നിന്നും താഴെ വിശദീകരിച്ചിട്ടുള്ളതു പ്രകാരം തെരുവുവിളക്ക് സാമഗ്രികൾ വാങ്ങുന്നതിന് തുക പിൻവലിച്ചിട്ടുള്ളതായി കാണുന്നു. (കമ്മിറ്റി തീരുമാനം.1(2)തീ.26.07.2016). എന്നാൽ ഇതു സംബന്ധിച്ച വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്ര.നം | ചെക്ക് നം/തീയതി | വൗച്ചർ നം/തീയതി | തുക |
|---|---|---|---|
| 1 | 174372/05-08-2016 | 21601378/31-03-2017 | 208333 |

## 3-7 ക്ഷമതയില്ലാത്ത സഹകരണസ്ഥാപനത്തിൽ സ്ഥിരനിക്ഷേപം നടത്തി

ഓഡിറ്റ് തരംതിരിവ് 'ബി' യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിൽ സ്ഥിര നിക്ഷേപം നടത്തുവാൻ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഈയിനത്തിൽ താഴെ പരാമർശിക്കും പ്രകാരം ₹951101/- നെടുങ്കണ്ടത്ത് പ്രവർത്തിക്കുന്ന ഇടുക്കി ജില്ല പഞ്ചായത്ത് എംപ്ലോയിസ് സഹകരണ സംഘത്തിൽ

സൂക്ഷിച്ചിരിക്കുന്നതായി ധനകാര്യപത്രികയിൽനിന്ന് വ്യക്തമാകുന്നു.

| രസീത് നം | തീയതി | തുക ₹ |
|---|---|---|
| 1077 | 06.02.2015 | 451101 |
| 1078 | | 500000 |

പ്രസ്തുത സ്ഥാപനം 2009-10 മുതൽ ഓഡിറ്റ് തരംതിരിവ് 'സി' യിൽ ഉൾപ്പെടുന്ന സ്ഥാപനമാണെന്ന് 25.04.2017 ലെ ജി-64/2017 കത്ത് മുഖേന ഉടുമ്പൻചോല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ഓഡിറ്റ്) അറിയിച്ചിട്ടുണ്ട്. ക്ഷമതയില്ലാത്ത ധനകാര്യസ്ഥാപനത്തിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ, മേൽ സ്ഥാപനത്തിൽ നിക്ഷേപിച്ചിരിക്കുന്ന തുക പലിശ സഹിതം പിൻവലിച്ച് തനതു ഫണ്ടിലോ ഓഡിറ്റ് തരംതിരിവ് ബി-യിൽ കുറയാത്ത സ്ഥാപനത്തിലോ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് ഡിസ്പൻസറി- താല്ക്കാലിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പഴയ മൂന്നാറിൽ പ്രവർത്തിക്കുന്ന ഡിസ്പൻസറിയിലെ ഡോക്ടർ ഒഴികെയുള്ള മുഴുവൻ ജീവനക്കാരും ദിവസവേതനത്തിന് താല്ക്കാലിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇവരുടെ ദിവസ വേതനം ഇനത്തിൽ തൻവർഷം ₹493800/- ചെലവായിട്ടുള്ളതുമാണ്. മൂന്നാറിൽ സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രം നിലവിലില്ലാത്തതിനാൽ വർഷങ്ങൾക്കു മുമ്പ് പഞ്ചായത്ത് ആരംഭിച്ച ഈ ഡിസ്പൻസറി ഇപ്പോഴും താല്ക്കാലിക അടിസ്ഥാനത്തിൽ തുടരുന്നത് ആശാസ്യമല്ല. ഇതിന് പ്രാഥമിക ആരോഗ്യകേന്ദ്രമായി അംഗീകാരം നേടിയെടുക്കുന്നതിന് ഭരണസമിതി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവു വിളക്കുകളുടെ പരിപാലനം- സർക്കാർ മാർഗ്ഗരേഖകൾ പാലിയ്ക്കുന്നില്ല

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി തൻവർഷം പദ്ധതി നം.76/2017, 186/17 എന്നിവ പ്രകാരം ₹982330/-, ₹208333/- ആകെ ₹1190663/-ന് സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ട് (വൗച്ചർ നം.21601024 തീ.21.01.2017& 21601378/31.03.2017). കൂടാതെ ഇവയുടെ പരിപാലനത്തിനായി 6 പേരെ ഇലക്ട്രീഷ്യൻമാരായി നിയോഗിച്ചതു വഴി തനതു ഫണ്ടിൽ നിന്നും ₹749050/-ദിവസവേതനം ഇനത്തിൽ ചെലവു വന്നിട്ടുള്ളതുമാണ്.

തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് (എം

എസ്.നം.13/97- പവർ ഡിപ്പാർട്ട്മെന്റ് തീ.23-03-97, സർക്കുലർ നം.67208/ഡി എ.3/11 ത സ്വ ഭ വ തീ.27-03-2012 എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് തെരുവുവിളക്ക് അറ്റകുറ്റപ്പണികൾ സംസ്ഥാന വൈദ്യുത ബോർഡ് മുഖേനയോ, കെ.എസ്.ഇ.ബി ഉൾപ്പെടെയുള്ള ഏജൻസികൾക്ക് ടെണ്ടർ മുഖേന ഏല്പിച്ച നല്കിയോ മാത്രമാണ് നിർവ്വഹിക്കുവാൻ വ്യവസ്ഥയുള്ളൂ. വൈദ്യുതി വിതരണം ഭാഗികമായി സ്വകാര്യകമ്പനിയുടെ ചുമതലയിലുള്ള മൂന്നാറിൽ ടെണ്ടർ നടപടികളിലൂടെ അംഗീകൃത ഏജൻസി വഴി മാത്രമേ നടപ്പാക്കാൻ കഴിയൂ എന്നിരിക്കെ സ്വന്തമായി ഇലക്ട്രീഷ്യൻമാരെ നിയമിച്ച് അവർ മുഖേനയുള്ള പ്രവൃത്തി നിർവഹണം ക്രമവിരുദ്ധമാണ്. മാർഗ്ഗരേഖാലംഘനം സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ സർക്കാർ മാർഗ്ഗരേഖകൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-10 വേസ്റ്റ് മാനേജ്മെന്റ്- പദ്ധതി നടത്തിപ്പിൽ ന്യൂനത

| | | |
|---|---|---|
| പദ്ധതി നം. | : | 72/2017 |
| ചെലവ് – പ്ലാൻ ജനറൽ | : | 6650000/- |
| തനത് ഫണ്ട് | : | 736803/- |
| ബ്ലോക്ക് പഞ്ചായത്ത് | : | 1365970/- |
| ഗുണഭോക്തൃവിഹിതം | : | 1000000/- |

മുൻ വർഷം ഗ്രീൻ എർത്ത് ടെക്നോളജീസ് എന്ന സ്ഥാപനം മുഖേന നിർവഹിച്ചിരുന്ന ഈ പദ്ധതി 01.09.2016 മുതൽ പഞ്ചായത്ത് നേരിട്ടാണ് നിർവഹിച്ച വരുന്നത്. ഇതിനായി 65 താല്ക്കാലിക ജീവനക്കാരെ ക്ലീനിംഗിനായി നിയോഗിച്ചിട്ടുണ്ട്. ഇവർ ശേഖരിക്കുന്ന മാലിന്യം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്കെടുക്കുന്ന തുമായ വാഹനങ്ങളിൽ കല്ലാറിലുള്ള ഡമ്പിങ് യാർഡിൽ കൊണ്ടുപോയി നിക്ഷേപിക്കുകയാണ് ഈ വർഷം ചെയ്തിട്ടുള്ള മാലിന്യ നിർമ്മാർജ്ജന പ്രവൃത്തി. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച കമ്മിറ്റി തീരുമാനം ലഭ്യമല്ല.

2. ഈ പ്രവൃത്തിക്കാവശ്യമായ മനുഷ്യവിഭവശേഷി കണക്കാക്കി ജോലി വിഭജനം നിർവ്വചിക്കുന്നതിനുള്ള പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

3. മാലിന്യങ്ങൾ ജൈവം, അജൈവം എന്നിങ്ങനെ തരം തിരിക്കാതെ ഡമ്പിങ് യാഡിൽ നിക്ഷേപിക്കുക വഴി ഇവ കുമിഞ്ഞു കൂടി സമീപത്തുള്ള അരുവി മലിനപ്പെടുന്നതായും തന്മൂലം പരിസ്ഥിതിക്ക് നാശം സംഭവിക്കുന്ന സാഹചര്യം നിലവിലുള്ളതായും കാണുന്നു. പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാഹചര്യവും നിലവിലുണ്ട്.

4.ജീവനക്കാരുടെ വേതനം പണമായാണ് വിതരണം ചെയ്യുന്നത്.

5.പഞ്ചായത്തിൽ നിലവിലുള്ള ഫുൾ ടൈം സ്വീപ്പർമാരെ ഉപയോഗപ്പെടുത്താതെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികളും താല്കാലിക ജീവനക്കാർ മുഖേനയാണ് നിർവഹിച്ചിട്ടുള്ളത്.

ഈ പദ്ധതിയുടെ നിർവ്വഹണത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യണ്ടേതാണ്.

## 3-11 ചുമതലയില്ലാത്ത പ്രവൃത്തി, ഉടമസ്ഥതയില്ലാത്ത ഭൂമിയിൽ നടപ്പാക്കി - ചെലവ് തടസ്സം

| | ഘട്ടം 1 | | ഘട്ടം 2 | |
|---|---|---|---|---|
| പദ്ധതി | കെ.എസ്.ആർ.റ്റി.സി ടോയ് ലറ്റ് കോംപ്ലക്സ് (138/13) | | കെ.എസ്.ആർ.റ്റി.സി ടോയ് ലറ്റ് കോംപ്ലക്സ് (211/15) | |
| അടങ്കൽ | ശുചിത്വ മിഷൻ | 1800000 | തനത് ഫണ്ട് | 400000 |
| | തനത് ഫണ്ട് | 500000 | | |
| | ആകെ | 2300000 | | |
| ബിൽ വിശദാംശങ്ങൾ | DD No.176328/ 08-10-2014 | 920000 | DD No.177934/ 03-04-2017 - | 377358 |
| | DD No.176376/ 04-11-2014 | 412830 | മറ്റ് നികുതികൾ | 22642 |
| | മറ്റ് നികുതികൾ | 87170 | | |
| | DD No.177717/ 07-10-2016 | 824670 | | |
| | മറ്റ് നികുതികൾ | 26405 | | |
| | ആകെ | 2271075 | ആകെ | 400000 |

ശുചിത്വ മിഷനിൽനിന്ന് അനുവദിച്ച പതിനെട്ടു ലക്ഷം, തനത് ഫണ്ട് ഒൻപത് ലക്ഷം എന്നീ തുകകൾ അടങ്കൽ വച്ച് മൂന്നാർ കെ.എസ്.ആർ.റ്റി.സി. സ്റ്റാൻഡിൽ ടോയ് ലറ്റ് കോംപ്ലക്സ് നിർമ്മിച്ചിരിക്കുന്നതായി കാണുന്നു. മറ്റ് സർക്കാർ വകുപ്പുകൾക്ക്/ബോർഡുകൾക്ക്/സ്ഥാപനങ്ങൾക്ക് അവരുടെ ഭൂമിയിൽ കെട്ടിടം നിർമ്മിച്ചുകൊടുക്കുവാൻ കേരള പഞ്ചായത്ത് രാജ് നിയമത്തിലോ ചട്ടങ്ങളിലോ ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലില്ലാത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തി നടത്തുന്നതിന് ഗവൺമെന്റിന്റെ മുൻകൂർ അനുമതി ആവശ്യമാണ്;ആയത് നേടിയിട്ടുമില്ല. ആയതിനാൽ ചെലവ് തുക ₹2201075/- തടസ്സപ്പെടുത്തുന്നു.

നിലവിൽ ടോയ് ലറ്റ് കോംപ്ലക്സ് പൊതു ഉപയോഗത്തിനായി തുറന്ന് കൊടുത്തിട്ടില്ല. 25 ലക്ഷത്തിൽപരം രൂപ മുടക്കി നിർമ്മിച്ച പ്രസ്തുത കെട്ടിടം ഏതാനും ജീവനക്കാർ മാത്രമാണ് ഉപയോഗിക്കുന്നത്. ടോയ് ലറ്റ് കോംപ്ലക്സ് പൊതു ഉപയോഗത്തിന് തുറന്ന് കൊടുത്താൽ തന്നെ ആയതിന്റെ നടത്തിപ്പ്, പണം ഈടാക്കൽ തുടങ്ങിയ സംഗതികളെക്കുറിച്ച് വ്യക്തതയില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഫലപ്രദമായ ഇടപെടലുകൾ നടത്തി കോംപ്ലക്സിന്റെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തേണ്ടതാണ്. വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-12** <u>അസി.എഞ്ചിനീയറുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു</u>

അസി. എഞ്ചിനീയറുടെ പേരിൽ യൂണിയൻ ബാങ്ക് മൂന്നാർ ശാഖയിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ, 04.04.2017-ൽ, ₹61237/- നീക്കിയിരിപ്പുള്ളതായി പാസ്ബുക്കിൽ കാണുന്നു. ആയതിൽ ₹54598/-(14792+39806) സേവന നികുതി ഈടാക്കിയതാണെന്നും ബാക്കി പലിശയിനത്തിൽ ലഭിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്. പലിശ തനത് ഫണ്ടിലേയ്ക്കും സേവന നികുതി ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്കും അടവ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്ലാൻ ഫണ്ട് വിനിയോഗം ട്രാൻസ്ഫർ ക്രഡിറ്റ് വഴി നടത്തുന്നതിനാൽ തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ ഫണ്ട് വിനിയോഗത്തിന് മാത്രമാണ് ഈ അക്കൗണ്ട് നിലനിർത്തുന്നത്. തൃപ്തികരമായി വേല പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കി അസി.എഞ്ചിനീയർ ലഭ്യമാക്കുന്ന ശുപാർശയിന്മേൽ പ്രതിഫലം ട്രാൻസ്ഫർ ക്രഡിറ്റായോ ഡി.ഡിയായോ ഗ്രാമപഞ്ചായത്തിന് നേരിട്ട് നല്കാവുന്ന സാഹചര്യം നിലവിലുണ്ട്. ആയതിനാൽ ഇത്തരമൊരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് അസി.എഞ്ചിനീയരുടെ പേരിൽ നിലനിർത്തേണ്ട ആവശ്യമുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ₹25,30,000/-മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|
| പൊതു മരാമത്ത് വകുപ്പ് | 175/2017ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് സെന്റർ | 29.03.2017 ട്രാൻസ്ഫർ ക്രഡിറ്റ് | 1530000 | 0 | 1530000 |
| | 99/2017 മൂന്നാർ സ്റ്റാൻഡ് വെയിറ്റിംഗ് ഷെഡ് | 10.03.2017 ട്രാൻസ്ഫർ ക്രഡിറ്റ് | 300000 | 0 | 300000 |
| | 100/2017 പെരിയവരൈ സ്റ്റാൻഡ് വെയിറ്റിംഗ് ഷെഡ് | 10.03.2017 ട്രാൻസ്ഫർ ക്രഡിറ്റ് | 300000 | 0 | 300000 |
| ഭൂജല വകുപ്പ് | 96/2017 മൂന്നാർ ബോർവെൽ നിർമ്മാണം | 21.03.2017 ട്രാൻസ്ഫർ ക്രഡിറ്റ് | 200000 | 0 | 200000 |
| | 95/2017 പെരിയവരൈ സ്റ്റാൻഡ് ബോർ വെൽ നിർമ്മാണം | 21.03.2017 ട്രാൻസ്ഫർ ക്രഡിറ്റ് | 200000 | 0 | 200000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിര നിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹951101 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ₹951101 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹951101 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| നെടുങ്കണ്ടം പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സൊസൈറ്റി എഫ്.ഡി.നം. 1077 തീ. 06-03-2015 | 451101 |
| എഫ്.ഡി.നം. 1078തീ. 06-03-2015 | 500000 |
| ആകെ | 951101 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-1996 | 4 | 1999-2000 | | പണപിരിവിലെ ക്രമക്കേടുകൾ | ലഭ്യമല്ല |
| 1997-1998 | 39 | 1999-2000 | | മരാമത്ത് വേല രേഖയില്ല | -ടി- |
| 1997-1998 | 49 | 1999-2000 | | മുൻകൂർ ക്രമീകരിച്ചിട്ടില്ല | -ടി- |
| 1997-1998 | 47 | 1999-2000 | | സ്റ്റോക്ക് പർച്ചേസ് നിയമം പാലിക്കാതെ വാങ്ങൽ | -ടി- |
| 1998-1999 | | 2001-2002 | | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നടത്തിയ ധനാപഹരണം | -ടി- |
| 2001-2002 | 2-5 | 2005-2006 | | വാടക ഈടാക്കുന്നില്ല നഷ്ടം | -ടി- |
| പ്രവർത്തനാവലോകനം | | 2013-2014 | 3-5(10) | ഫ്ലോർ മിൽ,പേപ്പർ, ക്യാരിബാഗ് നിർമ്മാണ യൂണിറ്റ്-വാങ്ങൽ ലക്ഷ്യം കൈവരിച്ചില്ല. | തൽസ്ഥിതി തുടരുന്നു. |
| 2013-14 | 3-1 | 2015-16 | 8-7 | മൂന്നാർ ടൂറിസം സോൺ | തൽസ്ഥിതി |

| | | | | | |
|---|---|---|---|---|---|
| | | | | വേയ്സ്റ്റ് മാനേജ്മെന്റ്- ലക്ഷങ്ങൾ ചെലവഴിച്ചിട്ടും മാലിന്യ പ്രശ്നത്തിന് പരിഹാരമില്ല. | തുടരുന്നു. |
| സ്പെഷ്യൽ ഓഡിറ്റ് | | 2015-16 | 5-1 | കെട്ടിടനിർമ്മാണ പെർമിറ്റ് പോരായ്മകൾ | തൽസ്ഥിതി തുടരുന്നു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹116446874 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹112209945 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹143000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹4909497 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.1 | 143000 | | ശ്രീ. ജെ. മധുസൂദനൻ ഉണ്ണിത്താൻ, സെക്രട്ടറി |
| ആകെ | 143000 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 916373 | ശ്രീ. എ.പി. ഫ്രാൻസിസ്, സെക്രട്ടറി |
| 3.2 | 152442 | ശ്രീ. പി.ആർ സുഗതൻ, അസി.എഞ്ചിനീയർ |
| 3.3 | 749700 | കൃഷി ഓഫീസർ |
| 3.4 | 1145000 | 945000 ശ്രീ. എ.പി. ഫ്രാൻസിസ്, സെക്രട്ടറി |

| | | |
|---|---|---|
| | | 200000 ശ്രീ.ആർ ശെൽവം, വെറ്ററിനറി സർജൻ |
| 3.5 | 216274 | ഡോ. പി.ആർ അർച്ചന, മെഡിക്കൽ ഓഫീസർ, ആരോഗ്യം |
| 3.6 | 208333 | ശ്രീ. പി മധുസൂദനൻ ഉണ്ണിത്താൻ, സെക്രട്ടറി |
| 3.11 | 2271075 | ശ്രീ. പി.ആർ. സുഗതൻ |
| ആകെ | 4909497 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജെ. മധുസൂദനൻ ഉണ്ണിത്താൻ രമഭവനം കോട്ടുക്കൽ പി.ഒ. അഞ്ചൽ, കൊല്ലം | സെക്രട്ടറി വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് | |
| എ.പി. ഫ്രാൻസിസ് , അറയ്ക്കൽ, മൂന്നാർ പി.ഒ. | സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത് | |

## 4-9 <u>തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും അവസാനമായി പുറപ്പെടുവിച്ച തീർപ്പാക്കാത്ത കത്തിടപാടിന്റെ വിവരം/തടസ്സങ്ങൾ |
|---|---|
| 1966-67മുതൽ 1975-76 വരെ | എൽ.എഫ്.ഐ.-5-1451/80/09-05-1991 |
| 1976-77 | എൽ.എഫ്.ഐ.-5-103/80/06-05-1985 |
| 1977-78 | എൽ.എഫ്.ഐ.-5-604/80/17-06-1980 |

| | |
|---|---|
| 1978-79 | എൽ.എഫ്.ഐ.-5-1320/80/08-05-1981 |
| 1979-80 | എൽ.എഫ്.ഐ.-5-591/82/22-08-1982 |
| 1980-81 | എൽ.എഫ്.ഐ.-6-1089/83/05-09-1984 |
| 1981-82 | എൽ.എഫ്.ഐ.-6-104/84/22-09-1984 |
| 1982-83 | എൽ.എഫ്.ഐ.-7-1012/86/01-02-1987 |
| 1983-84 | എൽ.എഫ്.ഐ.-7-452/86/05-02-1987 |
| 1984-85 | എൽ.എഫ്.ഐ.-7-707/87/17-02-1988 |
| 1985-86 | എൽ.എഫ്.ഐ.-7-1028/88/20-02-1988 |
| 1986-87 | എൽ.എഫ്.ഐ.-7-24/91/10-01-1991 |
| 1987-88 | എൽ.എഫ്.ഐ.-7-564/92/17-07-1992 |
| 1988-89 & 1989-90 | എൽ.എഫ്.ഐ.-7-880/93/17-06-1993 |
| 1990-91& 1991-92 | എൽ.എഫ്.ഐ.-7-379/94/10-11-1994 |
| 1992-93 | എൽ.എഫ്.ഐ.-7- 288/95/22-04-1996 |
| 1993-94 & 1994-95 | എൽ.എഫ്.ഐ.-7- 426/97/09-02-1998 |
| 1995-96 | എൽ.എഫ്.ഐ.-7-476/99/20--11-1998 |
| 1996-97 | എൽ.എഫ്.ഐ.-7-492/99/10-02-1999 |
| 1997-98 | എൽ.എഫ്.ഐ.-7-725/99/20-04-2000 |
| 1998-99 | എൽ.എഫ്.ഐ.-7-437/01/03-11-2001 |
| 1999-2000 | എൽ.എഫ്.ഐ.-7-254/02/04-07-2002 |
| 2000-01 | എൽ.എഫ്.ഐ.-7-124/07/17-03-2003 |

| | |
|---|---|
| 2001-02 | എൽ.എഫ്.ഐ.-9-16/05/25-08-2005 |
| 2002-03 | എൽ.എഫ്.ഐ.-9-24/06/06-05-2006 |
| 2003-04 | എൽ.എഫ്.ഐ.-9-578/06/27-11-2006 |
| 2004-05 | എൽ.എഫ്.ഐ.-9-600/08/18-06-2008 |
| 2005-06 | എൽ.എഫ്.ഐ.-9-1108/09/01-10-2009 |
| 2006-07 | എൽ.എഫ്.ഐ.-9-165/10/03-01-2011 |
| 2007-08 | എൽ.എഫ്.ഐ.-14-207/11/15-10-2011 |
| 2008-09 | എൽ.എഫ്.ഐ.-14-236/12/06-08-2012 |
| 2009-10 | എൽ.എഫ്.ഐ.-14-1360/12/07-03-2013 |
| 2010-11 | എൽ.എഫ്.ഐ.-14-463/13/19-08-2013 |
| 2011-12 | എൽ.എഫ്.ഐ.-14-237/14/03-06-2014 |
| 2012-13 | എൽ.എഫ്.ഐ.-14-332/15/19.08.2015 |
| 2013-14 | എൽ.എഫ്.ഐ.-14/1295/2015/06.11.2015 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.14-645/2016.തി.1.6.2016 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ.14-1612/2016.തി.26.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-ഐ.ഡി.കെ-10/808/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph:04862-227332
e-mail:doidk.ksad@kerala.gov.in

തീയതി:23.06.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA IDK-10/808/2017

Kerala State Audit Department

District Audit Office,Idukki

Ph:04862-227332

e-mail:doidk.ksad@kerala.gov.in

Dated: 23.06.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Munnar Grama Panchayat in Idukki District for the year ended on 31-03-2017 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Munnar Grama Panchayath for the year 2016-17 except the observations in my audit report properly presents the picture of Income and Expenditure .

DEPUTY DIRECTOR
IDUKKI